# യോഹന്നാന്റെ ജീവപഠനം

## ദൂത് മുപ്പത്തിയൊന്ന്

## തന്റെ നിവാസം ഉളവാക്കുന്നതിനുവേണ്ടിയുള്ള ത്രിയേകദൈവത്തിന്റെ പകർച്ച (3)

Mon

ശിഷ്യന്മാരെ പിതാവിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി താൻ മരണത്തിൽ പോകുകയും പുനരുത്ഥാനത്തിൽ മടങ്ങി വരുകയും ചെയ്യും എന്നും താൻ വഴിയും പിതാവ് ലക്ഷ്യസ്ഥാനവും ആയിരിക്കുമെന്നും താൻ ആയിരിക്കുന്ന ഇടത്ത് ശിഷ്യന്മാരും ആയിരിക്കുമെന്നും യോഹന്നാൻ 14-ന്റെ ആദ്യത്തെ ആറു വാക്യങ്ങളിൽ, കർത്താവ്, വെളിപ്പെടുത്തി. തുടർന്നുള്ള പതിന്നാല് വാക്യങ്ങളിൽ, തനിക്ക് ശിഷ്യന്മാരിലേക്ക് എങ്ങനെ പ്രവേശിക്കുവാനും അവരെ പിതാവിലേക്ക് കൊണ്ടുവരുവാനും കഴിയുമെന്നും കർത്താവ് തുടർന്ന് വെളിപ്പെടുത്തുന്നു.

### II. ത്രിയേകദൈവം വിശ്വാസികളിലേക്ക് അവനെത്തന്നെ പകരുന്നു

ത്രിയേകദൈവം വിശ്വാസികളിലേക്ക് സ്വയം പകർന്നുകൊടുക്കുന്നതിനുവേണ്ടി ആണെന്ന് യോഹന്നാൻ 14 വെളിവാക്കുന്നു. അവൻ ഏക ദൈവമാണ്, എന്നിരുന്നാലും അവൻ മൂവർ-പിതാവും പുത്രനും ആത്മാവും- ആണ്. പുത്രൻ പിതാവിന്റെ ദേഹരൂപവും ആവിഷ്കാരവും(വാ.7-14), ആത്മാവ് പുത്രന്റെ യാഥാർത്ഥ്യവും യഥാർത്ഥവത്കരണവും(വാ.16-20) ആണ്. പുത്രനിൽ പിതാവ് ആവിഷ്ക്കരിക്കപ്പെടുകയും കാണപ്പെടുകയും ചെയ്യുന്നു. ആത്മാവായി പുത്രൻ വെളിപ്പെടുകയും യഥാർത്ഥവത്കരിക്കുകയും ചെയ്യുന്നു. പിതാവ്, പുത്രനിൽ വിശ്വാസികളുടെ ഇടയിൽ ആവിഷ്കരിക്കപ്പെടുന്നു; പുത്രൻ, ആത്മാവായി വിശ്വാസികളിൽ യഥാർത്ഥവത്കരിക്കുന്നു. പിതാവായ ദൈവം മറഞ്ഞിരിക്കുന്നു, പുത്രനായ ദൈവം മനുഷ്യ

രുടെ ഇടയിൽ ആവിഷ്കരിക്കപ്പെടുന്നു; ആത്മാവായ ദൈവം മനുഷ്യനിലേക്ക്, അവന്റെ ജീവനും, അവന്റെ ജീവ സഹായവും, അവന്റെ സകലവും ആയിരിക്കുവാൻ, പ്രവേശിച്ച് മനുഷ്യന്റെ ഉള്ളിൽ യഥാർത്ഥവത്കരിക്കുന്നു. പുത്രനിൽ പിതാവും, ആത്മാവായി പുത്രനും, ദൈവത്തെ ആസ്വദിക്കുവാനുള്ള മനുഷ്യന്റെ ഓഹരിയാണ്.

## A. പുത്രനിൽ ദേഹരൂപമെടുത്ത പിതാവ് വിശ്വാസികളുടെ ഇടയിൽ കാണപ്പെടുന്നു

### *1. പുത്രൻ പിതാവിന്റെ ദേഹരൂപവും ആവിഷ്കാരവും*

കർത്താവ്, താൻ വഴിയാണെന്നും വിശ്വാസികളെ പിതാവിലേക്ക് കൊണ്ടുവരുവാൻ താൻ പോകുന്നുവെന്നും പറഞ്ഞപ്പോൾ, ഫിലിപ്പോസ് അവനോടു,“കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരണം, അത് ഞങ്ങൾക്ക് മതിയാകും”(വാ.8)എന്ന് പറഞ്ഞു.“ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പൊസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരണം എന്നു നീ പറയുന്നത് എങ്ങനെ? ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ?”എന്ന് കർത്താവ് മറുപടി പറഞ്ഞു(വാ.9-10). കർത്താവ് ഇങ്ങനെ പറയുന്നതായി കരുതാം,“മൂന്നര വർഷം ഞാൻ നിന്നോടുകൂടെ ആയിരുന്നു; ഇക്കാലമെല്ലാം നീ എന്നെ കണ്ടുകൊണ്ടിരുന്നു, എന്നിട്ടും നീ പിതാവിനെ അറിഞ്ഞിട്ടില്ലയോ? എന്നെ കാണുന്നുവെങ്കിൽ നീ പിതാവിനെ കാണുന്നു എന്ന്, എന്നെ അറിയുന്നുവെങ്കിൽ നീ പിതാവിനെ അറിയുന്നു എന്ന്, നീ അറിയുന്നില്ലയോ? ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു.” ഈ നിമിഷംവരെയും, കർത്താവിന്റെ ഈ വാക്ക് ഒരു മർമ്മമായി അവശേഷിക്കുന്നു. എന്താണ് ഇതിന്റെ അർത്ഥം? ഒരു വശത്ത്, പിതാവും പുത്രനും ഒന്നാണ് എന്നും, മറുവശത്ത്, അവർ അപ്പോഴും രണ്ടാണ് എന്നും ആണ് ഇതിന്റെ അർത്ഥം. ഇത് എങ്ങനെ സാദ്ധ്യമാകും എന്ന് നിങ്ങൾ എന്നോടു ചോദിച്ചാൽ, ഞാൻ പറയുമായിരുന്നു,“എനിക്ക് അറിഞ്ഞുകൂടാ, ഒരു വശത്ത് പിതാവും പുത്രനും ഒന്നാണെന്നും, രണ്ടുപേരും ഒന്നാകകൊണ്ട് ഒരാളെ കാണുന്നുവെങ്കിൽ നിങ്ങൾ മറ്റെയാളെ കാണുന്നു എന്നും മാത്രമേ എനിക്ക് അറിയാവൂ. പിതാവ് പുത്രനിൽ ആണ്, പുത്രനെ കാണുന്നുവെങ്കിൽ, തീർച്ചയായും നിങ്ങൾ പിതാവിനെ കാണുന്നു. എന്നാൽ, മറുവശത്ത്, അവർ അപ്പോഴും രണ്ടാണ്.”ഇതാണ് ത്രിയേകദൈവത്തിന്റെ മർമ്മം.

ഇവിടെ ഞാൻ ഒരു മുന്നറിയിപ്പ് നൽകേണ്ടിയിരിക്കുന്നു: പിതാവും പുത്രനും രണ്ടു വ്യത്യസ്ത ദൈവങ്ങളാണെന്ന് ഒരിക്കലും കണക്കാ

ക്കരുത്. അത് വേദവിരുദ്ധമാണ്. നമുക്ക് മൂന്നു ദൈവങ്ങളില്ല. നമുക്ക് ഏക, നിസ്തുല, ത്രിയേകദൈവമാണ് ഉള്ളത്-പിതാനും പുത്രനും ആത്മാവും. ഈ ഘട്ടത്തിൽ വ്യക്തി എന്ന വാക്ക് ഉപയോഗിക്കാതിരിക്കുവാൻപോലും ഞാൻ ശ്രദ്ധിക്കുന്നു. ചിലപ്പോഴൊക്കെ നമ്മുടെ സംസാരത്തിനും ഗ്രാഹ്യത്തിനും വേണ്ടി വ്യക്തി എന്ന പദം നാം ഉപയോഗിക്കാറുണ്ടെങ്കിലും, ഈ പദത്തിന് കൂടുതൽ ഊന്നൽ കൊടുത്ത് വ്യതിരിക്ത ത്രിദൈവവാദത്തിലേക്ക് എത്തരുത്. ത്രിയേകദൈവം എന്നത് വേണ്ടവിധം വിശദീകരിക്കുവാൻ നമുക്ക് കഴിയുകയില്ലെങ്കിലും ദൈവം ത്രിയേകനാണ് എന്നത് ഒരു വസ്തുതയാണ്. പുത്രനെ നിങ്ങൾ കണ്ടിട്ടുണ്ടെങ്കിൽ തീർച്ചയായും പിതാവിനെ കണ്ടിട്ടുണ്ട്. കാരണം വിശ്വാസികളുടെ ഇടയിൽ കാണപ്പെടുന്നതിനുവേണ്ടി പിതാവ്, പുത്രനിൽ ദേഹരൂപമെടുത്തിരിക്കുന്നു. പുത്രൻ, പിതാവിന്റെ ദേഹരൂപവും ആവിഷ്കാരവും ആണ്.

### *2. പുത്രൻ പിതാവിലും പിതാവ് പുത്രനിലും*

പുത്രൻ പിതാവിലും പിതാവ് പുത്രനിലും ആണ്(വാ.10-11). ഇത് എന്തൊരു മർമ്മമാണ്! പുത്രൻ പിതാവിലും പിതാവ് പുത്രനിലും ആണെന്ന് കർത്താവ് പറയുന്നു! പിതാവ് പുത്രനിൽ ആയതുകൊണ്ട്, പുത്രൻ സംസാരിക്കുമ്പോൾ, പുത്രനിൽ വസിക്കുന്ന പിതാവ് തന്റെ പ്രവൃത്തി ചെയ്യുന്നു. പുത്രന്റെ സംസാരത്തിൽ പിതാവ് തന്റെ പ്രവൃത്തി ചെയ്യുന്നു. കാരണം അവർ പരസ്പരം നിവസിക്കുന്നു.

### *3. പുത്രനും പിതാവും ഒന്ന്*

കർത്താവും പിതാവും ഒന്നാണെന്ന് 10:30-ൽ അവൻ നമ്മോട് വ്യക്തമായി പറയുന്നു. ഈ കാര്യം വേണ്ടവിധം വിശദീകരിക്കുവാൻ നമുക്ക് കഴിയുകയില്ല എന്ന് ഞാൻ വീണ്ടും പറയുന്നു, കാരണം എങ്ങനെ അവർ ഇരുവർക്കും ഒന്നായിരിക്കുവാൻ കഴിയും എന്ന് മനസ്സിലാക്കുവാൻ നമ്മുടെ പരിമിതമായ മനസ്സിന് വളരെ പ്രയാസമാണ്. നമ്മുടെ പരിമിതമായ ധാരണയിൽ, പുത്രൻ പുത്രനാണ്, പിതാവ് പിതാവാണ്, ഇരുവരും അന്യോന്യം വ്യതിരിക്തരാണ്. എന്നാൽ പുത്രനും പിതാവും ഒന്നാണെന്ന് കർത്താവ് നമ്മോട് വ്യക്തമായി പറയുന്നു. താനും പിതാവും ഇരുവരാണെന്ന് കർത്താവ് ഒരിക്കലും പറയുന്നില്ല, എന്നത് ഞാൻ ഇവിടെ ശക്തമായി പറയുന്നു. ത്രിത്വത്തിന്റെ മർമ്മം നാം സ്വീകരിക്കേണ്ടത്, ഊഹങ്ങൾ അനുസരിച്ചല്ല, നമ്മുടെ കർത്താവിന്റെ നിശ്ചിതവും വ്യക്തവുമായ വചനപ്രകാരമാണ്.

### *4. പുത്രനെ പിതാവ് എന്നും വിളിച്ചിരിക്കുന്നു*

പുത്രനെ പിതാവ് എന്നും വിളിച്ചിരിക്കുന്നു എന്ന് യെശയ്യാവ് 9:6 വെളിപ്പെടുത്തുന്നു."നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു

മകൻ നല്കപ്പെട്ടിരിക്കുന്നു; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേരുവിളിക്കപ്പെടും" എന്ന് ഈ വാക്യം പറയുന്നു. ഒരു മകനെ നല്കുന്നു, എന്നാലും അവനെ വീരനാം ദൈവം എന്നു വിളിക്കുന്നു; അത്, ഒരു മകനെ നല്കുന്നു, എന്നാലും അവനെ നിത്യപിതാവ് എന്നു പേരുവിളിക്കുന്നു എന്ന പോലെയാണ്. അവൻ പുത്രനോ അതോ പിതാവോ? അവൻ ശിശുവും വീരനാം ദൈവവും ആയിരിക്കുന്നതുപോലെതന്നെ, അവൻ ഇരുവരുമാണ് എന്നു നാം പറയേണ്ടിയിരിക്കുന്നു. പുത്രന് എങ്ങനെ പിതാവാകുവാൻ കഴിയും? എനിക്ക് അറിഞ്ഞുകൂടാ. വേദപുസ്തകം എന്നോട് അങ്ങനെ പറയുന്നു എന്നു മാത്രമേ എനിക്കറിയാവൂ. ശിശു വീരനാം ദൈവം എന്നു വിളിക്കപ്പെടും എന്ന് വേദപുസ്തകം പറയുന്നതുപോലെതന്നെ, പുത്രൻ പിതാവ് എന്ന് വിളിക്കപ്പെടും എന്ന് വേദപുസ്തകം പറയുന്നതിനായി കർത്താവിന് സ്തോത്രം. അതുകൊണ്ട്, വേദപുസ്തകത്തിലെ വ്യക്തമായ വചനപ്രകാരം പുത്രൻ പിതാവാണ്. നമ്മിൽ ആരും ഒരു ഫിലിപ്പോസ് ആകരുത്. എന്നാൽ ആ സമയത്ത് ഫിലിപ്പോസിനുപോലും വ്യക്തമായി.

### *5. പുത്രന് വിശ്വാസികളുടെ ഇടയിൽ ആയിരിക്കുവാൻ കഴിയും, എന്നാൽ അവരിൽ ആയിരിക്കുവാൻ കഴിയുന്നില്ല*

പിതാവിനെ ആവിഷ്കരിക്കുവാനായി പുത്രൻ വിശ്വാസികളോടൊപ്പം ആയിരുന്നപ്പോൾ, അവന് അവരുടെ *ഇടയിൽ* ആയിരിക്കുവാൻ മാത്രമേ കഴിയുമായിരുന്നുള്ളൂ, അവരുടെ *ഉള്ളിൽ* ആയിരിക്കുവാൻ കഴിയുകയില്ലായിരുന്നു. അവൻ ജഡത്തിൽ പിതാവിന്റെ ദേഹരൂപമായിരുന്നതുകൊണ്ട്, പിതാവിനെ ആവിഷ്കരിക്കുവാനും ശിഷ്യന്മാർക്ക് കാണപ്പെടുവാനുമായി അവരുടെ ഇടയിലായിരുന്നു. എന്നാൽ ജഡത്തിൽ ആയിരുന്നപ്പോൾ, അവന് ശിഷ്യന്മാരിലേക്ക് പ്രവേശിക്കുവാൻ ഒരു മാർഗ്ഗവും ഇല്ലായിരുന്നു. അതുകൊണ്ട്, ഈ അദ്ധ്യായത്തിന്റെ തുടർന്നുള്ള ഭാഗം, 16 മുതൽ 20 വരെയുള്ള വാക്യങ്ങൾ, ആവശ്യമായി വരുന്നു.

## B. പുത്രനെ വിശ്വാസികളിൽ വസിക്കുന്ന ആത്മാവായി അനുഭവിച്ചറിയാം

പിതാവ്, പുത്രനിൽ ദേഹരൂപമെടുക്കുകയും ശിഷ്യന്മാരുടെ ഇടയിൽ ആവിഷ്കരിക്കപ്പെടുകയും ചെയ്തു എന്നു നാം കണ്ടു. വിശ്വാസികളിലേക്ക് പ്രവേശിച്ച് അവരിൽ വസിക്കുന്ന ആത്മാവായി പുത്രനെ അനുഭവിച്ചറിയാം എന്ന് ഇനി നാം കാണണം. ആത്മാവിൽ എന്നല്ല, ആത്മാവായി എന്നാണ് നാം പറയുന്നതെന്ന് ശ്രദ്ധിക്കുക. നമ്മിൽ വസിക്കുന്നതിനുവേണ്ടി കർത്താവിന് ജഡത്തിൽനിന്ന് ആത്മാവായി കായാന്തരപ്പെടേണ്ടിയിരുന്നു, രൂപാന്തരപ്പെടേണ്ടിയിരുന്നു. നമ്മുടെ ഇടയിൽ ആയിരിക്കുവാൻ അവൻ ജഡത്തിൽ വന്നു,

എന്നാൽ അവന് നമ്മിലേക്ക് വരുവാൻ കഴിയുന്നതിനു മുമ്പ് അവന് ആത്മാവായി കായാന്തരപ്പെടേണ്ടിയിരുന്നു. നമ്മുടെ ഇടയിൽ ആയിരിക്കുവാനായി ജഡത്തിൽ വന്നതിനുശേഷം, അവന്റെ അടുത്ത ലക്ഷ്യം നമ്മുടെ ഉള്ളിൽ ആകുക എന്നതായിരുന്നു. കർത്താവ് എങ്ങനെ കായാന്തരപ്പെട്ടു? അവൻ ജഡത്തിൽനിന്ന് ആത്മാവായി കായാന്തരപ്പെട്ടത് തന്റെ മരണപുനരുത്ഥാനങ്ങളിലൂടെയായിരുന്നു. അവന്റെ പോക്ക് തന്റെ വിട്ടുപോക്കായിരുന്നില്ല; അത് തന്റെ വരവിന്റെ അടുത്ത പടി ആയിരുന്നു. അവൻ മറ്റൊരു രൂപത്തിൽ, ആത്മാവിന്റെ രൂപത്തിൽ വരുകയായിരുന്നു. അവന്റെ വരവിന്റെ ആദ്യപടി ജഡത്തിൽ ആയിരുന്നു; അവന്റെ വരവിന്റെ രണ്ടാമത്തെ പടി ആത്മാവായിട്ട് ആയിരുന്നു. ഈ അദ്ധ്യായത്തിൽ കർത്താവിന്റെ പോക്കും അവന്റെ വരവും ഉണ്ട്. അവന്റെ പോക്ക് മരണപുനരുത്ഥാനങ്ങളിലൂടെയും, അവന്റെ വരവ് “മറ്റൊരു ആശ്വാസപ്രദായകൻ”ആയിട്ടും ആയിരുന്നു. മറ്റൊരു ആശ്വാസപ്രദായകൻ, അവന്റെ മറ്റൊരു രൂപം ആയിരുന്നു. ആത്മാവായുള്ള അവന്റെ വരവിനാൽ, അവൻ നമ്മിലേക്ക് പ്രവേശിക്കുകയും അവൻ ജീവിക്കുന്നതുപോലെതന്നെ ജീവിക്കുവാൻ നമ്മെ ജീവിപ്പിക്കുകയും ചെയ്യുന്നു. അവൻ ജീവിക്കുന്ന ജീവിതം പുനരുത്ഥാനജീവിതമാണ്. തന്റെ പുനരുത്ഥാനത്തിനുശേഷം അവൻ ആത്മാവായി നമ്മിലേക്ക് പ്രവേശിക്കുവാനായി വരുന്നു. അങ്ങനെ അവൻ ജീവിക്കുന്നു; അവനാൽ നാമും ജീവിക്കുന്നു. അവൻ പുനരുത്ഥാന ജീവനാൽ ജീവിക്കുന്നു; പുനരുത്ഥാനജീവനായി അവനെ പങ്കുപറ്റിക്കൊണ്ട് നാം അവനാൽ ജീവക്കുന്നു.

### *1. മറ്റൊരു ആശ്വാസപ്രദായകൻ*

“ഞാൻ പിതാവിനോട് ചോദിക്കും; അവൻ മറ്റൊരു ആശ്വാസപ്രദായകനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും,”എന്ന് 16-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. ഒന്നാമത്, ആത്മാവ് “മറ്റൊരു ആശ്വാസപ്രദായകൻ” ആണ്. ആശ്വാസപ്രദായകൻ എന്നതിന്റെ ഗ്രീക്ക് പദമായ, പാരക്ലീത്ത, ആംഗലേയവത്കരിക്കപ്പെട്ടതായ പാരക്ലീത്തോസ്, എന്നാൽ “നമ്മുടെ കാര്യവും നമ്മുടെ ഇടപാടുകളും നമ്മുടെ സകല ആവശ്യങ്ങളും നോക്കുന്നവനായ, നമ്മോടുകൂടെയുള്ളവൻ”എന്നാണ് അർത്ഥം. ആശ്വാസപ്രദായകൻ എന്നത് ഗ്രീക്കിൽ 1 യോഹന്നാൻ 2:1-ലെ അഭിഭാഷകൻ എന്ന പദം തന്നെയാണ്. ഇന്ന് നമുക്ക് കർത്താവായ യേശു സ്വർഗ്ഗത്തിലും നമ്മുടെ കാര്യം നോക്കുന്ന, നമ്മുടെ പാക്ലീത്ത എന്ന നിലയിൽ നമ്മുടെ ഉള്ളിലും ആത്മാവായി ഉണ്ട്. യേശുവിന്റെ യാഥാർത്ഥ്യവും കർത്താവിന്റെ യഥാർത്ഥവത്കരണവുമായ പരിശുദ്ധാത്മാവ്, നമ്മെ ശുശ്രൂഷിക്കുകയും നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുകയും ചെയ്തുകൊണ്ട് നമ്മോട് കൂടെയുള്ളവനായ ഒരുവനാണ്.

### *2. യാഥാർത്ഥ്യത്തിന്റെ ആത്മാവ്*

ഈ ആത്മാവ്, ഈ ആശ്വാസപ്രദായകൻ, യാഥാർത്ഥ്യത്തിന്റെ ആത്മാവാണ്(വാ.17). എന്തുകൊണ്ടാണ് അവൻ യാഥാർത്ഥ്യത്തിന്റെ ആത്മാവായിരിക്കുന്നത്? കാരണം, പുത്രനിൽ പിതാവ് ആയിരിക്കുന്നതെല്ലാം, പുത്രൻ ആയിരിക്കുന്നതെല്ലാം, ആത്മാവിൽ അനുഭവിച്ചറിയാം. പിതാവായ ദൈവവും പുത്രനായ ദൈവവും ആയിരിക്കുന്നതിന്റെ യഥാർത്ഥവത്കരണമാണ് ആത്മാവ്. പിതാവായ ദൈവം വെളിച്ചവും, പുത്രനായ ദൈവം ജീവനും ആണ്. ഈ ജീവന്റെയും വെളിച്ചത്തിന്റെയും യാഥാർത്ഥ്യം ആത്മാവാണ്. ആത്മാവില്ലെങ്കിൽ നിങ്ങൾക്ക്, പിതാവായ ദൈവത്തിന്റെ വെളിച്ചം ഉണ്ടായിരിക്കുകയില്ല. ആത്മാവില്ലെങ്കിൽ, നിങ്ങൾക്ക്, നിങ്ങളുടെ ജീവനായി പുത്രനായ ദൈവം ഉണ്ടായിരിക്കുകയില്ല. പിതാവായ ദൈവത്തിനും പുത്രനായ ദൈവത്തിനും ഉള്ള സകല ദിവ്യസദ്ഗുണങ്ങളുടെയും യാഥാർത്ഥ്യം ആത്മാവാണ്.

### *3. തേജസ്കരിക്കപ്പെട്ട യേശുവിന്റെ ആത്മാവ്*

തേജസ്കരിക്കപ്പെട്ട യേശുവിന്റെ ആത്മാവായി 7:39-ൽ പരാമർശിച്ചിരിക്കുന്ന ആത്മാവ്, യാഥാർത്ഥ്യത്തിന്റെ ആത്മാവാണ്. ആ സമയത്ത്, ഈ ആത്മാവ്,"അതുവരെ ഇല്ലായിരുന്നു(not yet),"കാരണം യേശു ക്രൂശിക്കപ്പെടുകയോ ഉയിർക്കുകയോ ചെയ്തിട്ടില്ലായിരുന്നു. ഇവിടെ ഈ അദ്ധ്യായത്തിൽ കർത്താവ് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾപോലും, ആത്മാവ് "അതുവരെ ഇല്ലായിരുന്നു."കർത്താവ് മരണത്തിലൂടെ കടന്നുപോകുകയും പുനരുത്ഥാനത്തിൽ തേജസ്കരിക്കപ്പെടുകയും ചെയ്യുന്നതുവരെ ഈ ആത്മാവ് ശിഷ്യന്മാരുടെ അടുക്കൽ എത്തിയിരുന്നില്ല.

Wed

### *4. ജീവന്റെ ആത്മാവ് ശ്വാസമായി*

ഇവിടെ വാഗ്ദാനം ചെയ്യപ്പെട്ടതും 7:39-ൽ പരാമർശിച്ചിരിക്കുന്നതുമായ ആത്മാവ് ശ്വാസമായ "ജീവന്റെ ആത്മാവ്"(റോമർ 8:2) ആണ്. കർത്താവിന്റെ പുനരുത്ഥാനദിവസം ആത്മാവിനെ ജീവന്റെ ശ്വാസമായി ശിഷ്യന്മാരിലേക്ക് കർത്താവ് ഊതിയപ്പോൾ(20:22) കർത്താവിന്റെ ഈ വാഗ്ദാനം നിറവേറി. ശ്വാസമായ ഈ ജീവന്റെ ആത്മാവ്. തേജസ്കരിക്കപ്പെട്ട യേശുവിന്റെ ആത്മാവ് ആണ്.

### *5. യേശുക്രിസ്തുവിന്റെ ആത്മാവ്, ക്രിസ്തുവിന്റെ ആത്മാവ്*

തേജസ്കരിക്കപ്പെട്ട യേശുവിന്റെ ആത്മാവായ ഈ ജീവന്റെ ആത്മാവ്, യേശുക്രിസ്തുവിന്റെ ആത്മാവും ക്രിസ്തുവിന്റെ ആത്മാവും ആണ്(ഫിലി.1:19; റോമ.8:9). ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുശേഷം, ദൈവത്തിന്റെ ആത്മാവ്, ജഡാവതാരം ചെയ്ത് ക്രൂശിക്കപ്പെട്ട് ഉയിർത്ത ക്രിസ്തുവിന്റെ ആത്മാവായിത്തീർന്നു. ദൈവ

ത്തിന്റെ ആത്മാവ്, ഇപ്പോൾ യേശുക്രിസ്തുവിന്റെ
ക്രിസ്തുവിന്റെ ആത്മാവും ആണ്. യേശുക്രിസ്തുവിന്റെ ആത്മാവും
കഷ്ടാനുഭവത്തിൽ യേശുവിനെയും പുനരുത്ഥാനത്തിൽ ക്രിസ്തു
വിനെയും പരോക്ഷമായി സൂചിപ്പിക്കുമ്പോൾ, ക്രിസ്തുവിന്റെ
ആത്മാവ്, പുനരുത്ഥാനത്തിൽ ക്രിസ്തുവിന് മാത്രം ഊന്നൽ കൊടു
ക്കുന്നു. ദൈവത്തിന്റെ ആത്മാവിന് ദിവ്യത്വവും മനുഷ്യത്വവും ഉണ്ട്.
ഈ എല്ലാ മൂലകങ്ങളും യേശുക്രിസ്തുവിന്റെ ആത്മാവിൽ ഉൾപ്പെ
ട്ടിരിക്കുന്നു. അവൻ, നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റുവാനുള്ള
സമൃദ്ധമായ ശേഖരമുള്ള സർവ്വവും ഉൾകൊള്ളുന്ന ആത്മാവാണ്.

### *6. ഒടുക്കത്തെ ആദാമിനെ ജീവൻനൽകുന്ന ആത്മാവാക്കുന്നു*

ഈ ഭാഗത്ത് (14:16-20), യാഥാർത്ഥ്യത്തിന്റെ ആത്മാവിനെ കർത്താ
വ്, ഒന്നാമത്, 17-ാം വാക്യത്തിൽ"അവൻ"എന്ന് സൂചിപ്പിക്കുന്നു. അതി
നുശേഷം പെട്ടെന്ന്, അവൻ 18-ാം വാക്യത്തിൽ അവനെത്തന്നെ പരാ
മർശിക്കുന്നു. 17-ാം വാക്യത്തിൽ യാഥാർത്ഥ്യത്തിന്റെ ആത്മാവായി
രുന്ന"അവൻ"തന്നെ, 18-ാം വാക്യത്തിൽ കർത്താവുതന്നെയായ
"ഞാൻ"തന്നെ ആയിത്തീരുന്നു. ഇതിന്റെ അർത്ഥം, തന്റെ പുനരു
ത്ഥാനത്തിനുശേഷം കർത്താവ് യാഥാർത്ഥ്യത്തിന്റെ ആത്മാവായി
ത്തീർന്നു എന്നാണ്. 1 കൊരിന്ത്യർ 15:45 ഇത് സ്ഥിരീകരിക്കുന്നു.
പുനരുത്ഥാനം എന്ന വിഷയത്തെക്കുറിച്ച് പറയുമ്പോൾ,"ഒടുക്കത്തെ
ആദാം ജീവൻനൽകുന്ന ആത്മാവായി,"എന്ന് പറയുന്നു. ആശ്വാസ
പ്രദായകൻ, യാഥാർത്ഥ്യത്തിന്റെ ആത്മാവ്, ശ്വാസമായ ജീവന്റെ
ആത്മാവ്, യേശുക്രിസ്തുവിന്റെ ആത്മാവ്, ജീവൻനൽകുന്ന ആത്മാ
വ്, എന്നിവയെല്ലാം ഒരേ ആത്മാവിനെ പരാമർശിക്കുന്നു. ഇന്ന്, ദൈവ
ത്തിന്റെ ആത്മാവ് ആശ്വാസപ്രദായകനും, ആശ്വാസപ്രദായകൻ
യാഥാർത്ഥ്യത്തിന്റെ ആത്മാവും, യാഥാർത്ഥ്യത്തിന്റെ ആത്മാവ്
ശ്വാസമായ ജീവന്റെ ആത്മാവും, ശ്വാസമായ ജീവന്റെ ആത്മാവ് യേശു
ക്രിസ്തുവിന്റെ ആത്മാവും, യേശുക്രിസ്തുവിന്റെ ആത്മാവ് ജീവൻ
നൽകുന്ന ആത്മാവുമാണ്.

### *7. കർത്താവ് ആത്മാവാണ്*

ഒടുവിൽ, കർത്താവ് ആത്മാവ് ആണ്(2 കൊരി.3:17). ഇന്ന്, ചില
ക്രിസ്ത്യാനികൾ നമ്മെ വേദവിരുദ്ധരെന്ന് കുറ്റപ്പെടുത്തുന്നു, കാരണം
കർത്താവായ യേശു ആത്മാവാണെന്ന് നാം വിശ്വസിക്കുകയും പഠി
പ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഇത് നമ്മുടെ ധാരണയല്ല; ഇത്
രണ്ട് കൊരിന്ത്യർ 3:17-ലെ വ്യക്തമായ വചനത്തിലുള്ള, വ്യക്തമായ
വെളിപ്പാടാണ്. നമ്മെ കുറ്റപ്പെടുത്തുന്നവർ ത്രിത്വത്തെ സംബന്ധിച്ച
തങ്ങളുടെ പരമ്പരാഗതമായ ധാരണയെ മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ,

എന്നാൽ“കർത്താവ് ആത്മാവ് ആകുന്നു,”എന്നു പറയുന്ന വ്യക്തമായ വചനം അവർ അവഗണിക്കുകയും ശ്രദ്ധിക്കാതിരിക്കുകപോലും ചെയ്യുന്നു. കർത്താവിന്റെ കരുണയാലും കൃപയാലും, നാം പരമ്പരാഗതമായ ധാരണകളെയല്ല, ശുദ്ധമായ വചനത്തെ മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. വേദപുസ്തകം അനുസരിച്ച് ഇന്ന് കർത്താവായ യേശു ആത്മാവാണ് എന്ന് നാം ശക്തമായി വിശ്വസിക്കുകയും പറയുകയും ചെയ്യുന്നു.

### *8. ആത്മാവ്, വിശ്വാസികളോടുകൂടെയും വിശ്വാസികളിലും വസിക്കുന്നു*

ആത്മാവ്, വിശ്വാസികളോടുകൂടെയും വിശ്വാസികളിലും വസിക്കുന്നുവെന്നും യോഹന്നാൻ 14-ന്റെ 17-ാം വാക്യം വെളിപ്പെടുത്തുന്നു. അവൻ വിശ്വാസികളോടുകൂടെ മാത്രമല്ല, അവരിലും വസിക്കുന്നു. നാം കണ്ടതുപോലെ, കർത്താവ് ജഡത്തിൽ ആയിരുന്നപ്പോൾ അവന് ശിഷ്യന്മാരുടെ ഇടയിൽ, അവരോടുകൂടെ ആയിരിക്കുവാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളു. എന്നാൽ തന്റെ പുനരുത്ഥാനത്തിൽ ജീവൻ നൽകുന്ന ആത്മാവ്, യാഥാർത്ഥ്യത്തിന്റെ ആത്മാവ് ആയതിനുശേഷം അവന് ഇപ്പോൾ നമ്മോടുകൂടെ മാത്രമല്ല നമ്മിലും ആയിരിക്കുവാൻ കഴിയുന്നു. ആത്മാവ് ആയിരിക്കുന്നതുകൊണ്ടാണ് കർത്താവിന് നമ്മിലേക്ക് പ്രവേശിക്കുവാനും നമ്മിൽ വസിക്കുവാനും കഴിയുന്നത്.

### *9. പുത്രൻ പിതാവിലും വിശ്വാസികൾ പുത്രനിലും പുത്രൻ വിശ്വാസികളിലും*

“ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്ന് ആ ദിവസം നിങ്ങൾ അറിയും,”എന്ന് 20-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. ഈ വാക്യത്തിൽ പരാമർശിച്ചിരിക്കുന്ന ദിവസം, പുനരുത്ഥാനദിവസമാണ്. കർത്താവ് പിതാവിലാണെന്നും ശിഷ്യന്മാർ അവനിലാണെന്നും പുനരുത്ഥാനദിവസം ശിഷ്യന്മാർ അറിയണമായിരുന്നു. ആത്മാവ് നമ്മിൽ ആയിരിക്കുമെന്ന് 17-ാം വാക്യവും പുത്രൻ നമ്മിൽ ആയിരിക്കുമെന്ന് 20-ാം വാക്യവും പറയുന്നുവെന്ന് നാം കാണണം. ആത്മാവും പുത്രനും നമ്മിൽ ഉള്ളതുകൊണ്ട്, എത്രപേർ നമ്മിൽ ഇരിക്കുന്നുവെന്ന് എന്നോടു പറയു- ഒരാളോ ഇരുവരോ? ഒരാൾ എന്നാണുത്തരം. ഇരുവർ നമ്മിൽ ഇല്ല. നമുക്ക് ആത്മാവും പിന്നെ പുത്രനും ഇല്ല, അതുപോലെ പുത്രനും പിന്നെ ആത്മാവും ഇല്ല. നമുക്ക് ഒരുവനേയുള്ളു. പുത്രനും ആത്മാവും ആയ, ആ അത്ഭുതവാനായവൻ. അതുകൊണ്ട്, നാം കണ്ടതുപോലെ “ഇപ്പോൾ കർത്താവ് ആത്മാവ് ആണ്”(KJV)എന്ന് പൗലൊസ് പറയുന്നു. ആത്മാവ് നമ്മിൽ ഉള്ളിടത്തോളം പുത്രൻ നമ്മിൽ ഉണ്ട്. പുത്രൻ നമ്മിൽ ഉള്ളിടത്തോളം ആത്മാവും നമ്മിൽ ഉണ്ട്. അവൻ അവനെത്തന്നെ നമ്മിലേക്ക് കൊണ്ടുവന്നുവെന്ന് ഇപ്പോൾ നമുക്ക്

കാണുവാൻ കഴിയും. ഈ വാക്യങ്ങൾക്കു മുമ്പ്, ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത്, കർത്താവ് അപ്പോഴും ശിഷ്യന്മാരിൽ ആയിരുന്നില്ല. എന്നാൽ 30-ാം വാക്യം ആയപ്പോൾ അവൻ ശിഷ്യന്മാരിലും, ശിഷ്യന്മാർ അവനിലും ആണ്. അവൻ പിതാവിൽ ആയിരിക്കുന്നതുപോലെ, ശിഷ്യന്മാർ പിതാവിലാണ്. ഇപ്പോൾ അവൻ എവിടെയാണോ ശിഷ്യന്മാരും അവിടെയാണ്. നമുക്ക് ദൈവത്തിലേക്ക് പ്രവേശിക്കുവാനും ദൈവത്തിന് നമ്മിലേക്ക് പ്രവേശിക്കുവാനും വഴി, സ്ഥാനം, ഒരുക്കുവാൻ അവൻ മരിച്ചു. പിന്നെ നമ്മിൽ ആയിരിക്കുകയും നമ്മെ പിതാവിലേക്ക് കൊണ്ടുവരുകയും ചെയ്തുകൊണ്ട് കർത്താവിന് നമ്മെ ഒരുമിച്ചു ചേർത്തു ത്രിയേകദൈവത്തിൽ അവന്റെ നിത്യനിവാസമായി കെട്ടുപണിയുവാൻ കഴിയുന്നു.

### *10. വിശ്വാസികളിലേക്ക് ത്രിയേകദൈവത്തെ പകരുന്നു*

യോഹന്നാൻ 14-ന്റെ ഈ രണ്ടു ഭാഗങ്ങളിൽ ദൈവത്വത്തിലെ ത്രിത്വം ത്രിയേകദൈവത്തെ നമ്മിലേക്ക് പകരുവാനുള്ളതാണ് എന്നു നമുക്ക് കാണാം. പിതാവ് പുത്രനിൽ ദേഹരൂപമായുണ്ട്. പുത്രനെ ആത്മാവായി അനുഭവിച്ചറിയാം: നമ്മുടെ ജീവനും നമുക്കാവശ്യമായിരിക്കുന്നതെല്ലാമായി ആത്മാവ് വരുകയും നമ്മിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ഈ പ്രക്രിയയിലാണ് ത്രിയേകദൈവം നമ്മുടെ നിത്യപങ്കായി നമ്മിലേക്ക് പകരപ്പെടുന്നത്.

### *11. ആത്മാവ് ഉള്ളിൽ വസിക്കുന്നു എന്നത് ലേഖനങ്ങളിൽ പൂർണമായി വിശദീകരിച്ചിരിക്കുന്നു*

യോഹന്നാൻ 14-ന്റെ 17-ാം വാക്യത്തിൽ ആത്മാവ് ഉള്ളിൽ വസിക്കുന്നതായുള്ള ആദ്യ പരാമർശം നാം കാണുന്നു. ആത്മാവ് ഉള്ളിൽ വസിക്കുന്നു എന്ന ഈ വസ്തുത ലേഖനങ്ങളിൽ നിറവേറുകയും വിശദീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു (1 കൊരി.6:19; റോമ.9,11). ക്രിസ്തു ഇന്ന് ജീവൻ നൽകുന്ന ആത്മാവായി, നമ്മുടെ ജീവനും, അവന്റെ ശരീരത്തിന്റെ കെട്ടുപണിക്ക് ആവശ്യമായിരിക്കുന്ന സകലവുമായി, നമ്മുടെ ആത്മാവിൽ വസിക്കുന്നു എന്നതാണ് ലേഖനങ്ങളുടെ കേന്ദ്രീയവും മുഖ്യവുമായ ചിന്ത.

### *12. ജീവന്റെ ആത്മാവിനെ സംബന്ധിച്ച കർത്താവിന്റെ വാഗ്ദാനം, ശക്തിയുടെ ആത്മാവിനെ സംബന്ധിച്ച പിതാവിന്റെ വാഗ്ദാനത്തിൽനിന്ന് വ്യത്യസ്തമാണ്*

ഇവിടെ യോഹന്നാൻ 14-ൽ ആത്മാവിനെ സംബന്ധിച്ച കർത്താവിന്റെ വാഗ്ദാനം ലൂക്കൊസ് 24:49-ൽ ആത്മാവിനെ സംബന്ധിച്ച പിതാവിന്റെ വാഗ്ദാനത്തിൽനിന്ന് വ്യത്യസ്തമാണ്. കർത്താവിന്റെ വാഗ്ദാനം ജീവന്റെ ആത്മാവിനെ സംബന്ധിച്ചതാണ്; എന്നാൽ

പിതാവിന്റെ വാഗ്ദാനം ശക്തിയുടെ ആത്മാവിനെ സംബന്ധിച്ചതാണ്. ജീവന്റെ ആത്മാവിനെ സംബന്ധിച്ച കർത്താവിന്റെ വാഗ്ദാനം യോഹന്നാൻ 20:22-ൽ തന്റെ പുനരുത്ഥാനദിവസം കർത്താവ് ജീവന്റെ ആത്മാവിനെ ശിഷ്യന്മാരിലേക്ക് ഊതിയപ്പോൾ നിറവേറി. ഇത് പ്രവൃത്തികൾ 2:1-4-ൽ പെന്തക്കൊസ്ത് ദിനത്തിൽ ആത്മാവ് ശിഷ്യന്മാരുടെ മേൽ ശക്തിയേറിയ കാറ്റായി അടിച്ച ആത്മാവ്, പിതാവിന്റെ വാഗ്ദാനമായ ശക്തിയുടെ ആത്മാവ് അല്ല. പെന്തക്കൊസ്ത് ദിനത്തിൽ ആത്മാവ് ശക്തിയുടെ ആത്മാവായിരുന്നു. എന്നാൽ ഇവിടെ, യോഹന്നാന്റെ പുസ്തകത്തിൽ, ആത്മാവ് ജീവന്റെ ആത്മാവ് ആണ്. പ്രവൃത്തികളിൽ ശക്തിയുടെ ആത്മാവിന് അടയാളം വീശുന്ന കാറ്റാണ്; കാറ്റ് പ്രധാനമായും ശക്തിയെ സൂചിപ്പിക്കുന്നു. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ ജീവന്റെ ആത്മാവിന് അടയാളം ശ്വാസമാണ്, കാരണം ശ്വാസം ജീവനുവേണ്ടിയുള്ളതാണ്. യോഹന്നാന്റെ സുവിശേഷം ജീവനെ സംബന്ധിച്ച പുസ്തകമാകയാൽ, അത് ശക്തിയുടെ ആത്മാവിനെയല്ല ജീവന്റെ ആത്മാവിനെയാണ് വിവരിക്കുന്നത്. പ്രവൃത്തികൾ പ്രസംഗത്തിന്റെ പുസ്തകമാകയാലും, ഈ പ്രസംഗത്തിന് ശക്തി ആവശ്യമായിരിക്കയാലും, പ്രവൃത്തികളിൽ നമുക്ക് വീശുന്ന കാറ്റായി ശക്തിയുടെ ആത്മാവ് ഉണ്ട്. യോഹന്നാൻ 14:16-ൽ കർത്താവിന്റെ വാഗ്ദാനം നാം കാണുന്നു, കാരണം അവിടെ "എന്റെ പിതാവു വാഗ്ദാനം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയയ്ക്കും; നിങ്ങളോ ഉയരത്തിൽനിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർക്കുവിൻ," എന്ന് കർത്താവ് പറഞ്ഞു. കർത്താവിന്റെ പുനരുത്ഥാനദിവസം, യോഹന്നാൻ 14-ൽ കർത്താവ് വാഗ്ദാനം ചെയ്ത ജീവന്റെ ആത്മാവിനെ ശിഷ്യന്മാർക്ക് ലഭിച്ചു. എന്നാൽ പെന്തക്കോസ്ത് ദിവസം, ശക്തിയുടെ ആത്മാവ് ലഭിക്കുന്നതുവരെ അവർ പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കണമായിരുന്നു. യോഹന്നാൻ 14-ലുള്ള ജീവന്റെ ആത്മാവിനെ സംബന്ധിച്ച കർത്താവിന്റെ വാഗ്ദാനം നിറവേറിയത് പ്രവൃത്തികൾ 2-ലെ പെന്തക്കൊസ്ത് നാളിലല്ല, യോഹന്നാൻ 20-ൽ കർത്താവിന്റെ പുനരുത്ഥാനദിവസമാണ്. അൻപത് ദിവസം കഴിഞ്ഞ് പെന്തക്കൊസ്ത് നാളിൽ, ലൂക്കൊസ് 24-ലെ ശക്തിയുടെ ആത്മാവിനെ സംബന്ധിച്ച പിതാവിന്റെ വാഗ്ദാനം നിറവേറി.

ഈ അദ്ധ്യായത്തിന്റെ വെളിപ്പാടിനെ സംബന്ധിച്ച് നാമെല്ലാവരും ഇപ്പോൾ വ്യക്തമായി ഗ്രഹിച്ചു എന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഒരു സ്വർഗ്ഗീയ കൊട്ടാരം പണിയുവാനായി കർത്താവ് സ്വർഗ്ഗത്തിലേക്ക് പോകുന്നതിനെയും, നമ്മെ ആ കൊട്ടാരത്തിലേക്ക് കൊണ്ടുപോകുവാനായി അവൻ മടങ്ങി വരുന്നതിനെയും സംബന്ധിച്ചാണ് ഇ"

അദ്ധ്യായം പറയുന്നതെന്ന് നാം ചിന്തിക്കരുത്. അതു മുഴുവനും സ്വാഭാവിക മാനുഷിക ധാരണയനുസരിച്ചുള്ള ഒരു ഗ്രാഹ്യമാണ്. നാം ഈ ധാരണ ഉപേക്ഷിക്കണം. ദൈവത്തിന് രണ്ടു കെട്ടുപണികൾ, സ്വർഗ്ഗത്തിൽ ഒരു കൊട്ടാരവും ഭൂമിയിൽ ഒരു സഭയും ഇല്ല, അവന് ഒരു കെട്ടുപണിയേ ഉള്ളൂ–വീണ്ടെടുക്കപ്പെട്ടവരുടെ ഇടയിലും, അവരോടുകൂടെയുമുള്ള തന്റെ കെട്ടുപണി, അതായത്, തന്റെ ജീവനുള്ള നിവാസത്തിന്റെ കെട്ടുപണി. ദൈവത്തിന്റെ കെട്ടുപണി യിസ്രായേലിനോടൊത്തായിരുന്നു, ഇന്ന് അത് സഭയോടുകൂടെയാണ്; ആത്യന്തികമായി അത് പുതിയ യെരുശലേമിൽ പരിണതി പ്രാപിക്കും. ഈ കെട്ടുപണി നിറവേറ്റുന്നതിനായുള്ള ദൈവത്തിന്റെ മാർഗ്ഗം, സ്വയം നമ്മിലേക്കെല്ലാം പകരുക എന്നതാണ്; സ്വയം നമ്മിലേക്കു പകരുവാൻ ദൈവത്തിനുള്ള മാർഗ്ഗം അവൻ പിതാവും പുത്രനും ആത്മാവും ആകുന്നു എന്നതാണ്. പിതാവായ ദൈവം സ്രോതസ്സും ആരംഭവും സാരാംശവും മൂലകവും ആണ്. പുത്രനായ ദൈവം, ആവിഷ്കാരവും വെളിപ്പെടലും ദൈവത്തിന് മനുഷ്യനെ സ്പർശിക്കുവാനും മനുഷ്യന് ദൈവത്തെ സ്പർശിക്കുവാനും ഉള്ളതായ മാർഗ്ഗവും ആണ്. അവസാനമായി, ആത്മാവായ ദൈവം, പിതാവായ ദൈവവും പുത്രനായ ദൈവവും ആയിരിക്കുന്നതിന്റെയെല്ലാം യാഥാർത്ഥ്യം ആണ്. പിതാവായ ദൈവവും പുത്രനായ ദൈവവും ആയിരിക്കുന്നതെല്ലാം ആത്മാവായ ദൈവത്തിൽ പൂർണ്ണമായും അനുഭവിച്ചറിയാം. പിതാവ് പുത്രനിലും, പുത്രൻ ആത്മാവായും നമ്മുടെ ആത്മാവിൽ എത്തുന്നു. ഒന്നാമത് നമ്മുടെ ജീവനായി നമ്മുടെ ആത്മാവിലേക്ക് വരുന്നു, രണ്ടാമത് നമ്മുടെ ജീവസഹായമായും, ഒടുവിൽ നമ്മുടെ സകലവുമായും. ഈ ത്രിയേകദൈവം ഒന്നാമത് നമ്മുടെ ആത്മാവിലേക്ക് തന്നെത്തന്നെ പകരുന്നു. പിന്നെ നമ്മുടെ ആത്മാവിന്റെ ഉള്ളിൽനിന്ന് തുടർമാനമായി നമ്മുടെ മുഴുവൻ ആളത്തത്തിലേക്കും സ്വയം വ്യാപിക്കുന്നു. നമ്മുടെ ആത്മാവിൽനിന്ന് നമ്മുടെ മുഴുവൻ ആളത്തത്തിലും വ്യാപിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. നമ്മുടെ മുഴുവൻ ആളത്തവും പൂർണമായും സാന്ദ്രീകരിക്കപ്പെടുകയും അവനാൽ സ്വായത്തമാക്കപ്പെടുകയും ചെയ്യുന്നതുവരെ, നമ്മുടെ ആത്മാവിൽനിന്ന് നമ്മുടെ ദേഹിയിലേക്കും നമ്മുടെ ശരീരത്തിലേക്കു പോലും (റോമ.8:11) വ്യാപിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. അവന്റെ നിത്യമായ വാസസ്ഥലത്തിന്റെ വാസ്തവമായ കെട്ടുപണിയാണ് ഈ സാന്ദ്രീകരണം. നമ്മെ സാന്ദ്രീകരിക്കുവാനും സ്വായത്തമാക്കുവാനും നാം അവനെ അനുവദിക്കുന്തോറും, അവൻ നമ്മിലും നമ്മിലൂടെയും നമ്മുടെ ഇടയിലും തന്റെ കെട്ടുപണി നിറവേറ്റും. ഒടുവിൽ, ഈ യുഗത്തിൽ, ഈ കെട്ടുപണിയുടെ ആവിഷ്കാരമായി വിവിധ സ്ഥലത്ത്

അവന് സ്ഥലംസഭകൾ ഉണ്ടാകും. ആത്യന്തികമായി, നാമെല്ലാം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ആയിരിക്കുമ്പോൾ, ദൈവത്തിന് തന്റെ നിത്യനിവാസമായി തന്റെ മഹത്വം എന്നേക്കും ആവിഷ്കരിക്കുവാൻ പുതിയ യെരൂശലേം ഉണ്ടായിരിക്കും.